# ക്രിസ് വോയ്സ്

ലക്കം 07 | പുസ്തകം 06

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ

sfxtpm sfxtpm

Web : sfxthirupuram.in



സെപ്റ്റംബർ 2026




രക്ഷാധികാരി
**റവ.ഫാ. ജിബിൻരാജ്**

ചീഫ് എഡിറ്റർ
**എസ്.ഒ. ഷാജികുമാർ**

എഡിറ്റേഴ്സ്
**അതുൽ. പി.എസ്**
**രമണി റോസ്**
**സുലോചന**
**ആൻസി. എസ്.എസ്**
**എസ്. സുധ**

ലേ ഔട്ട് & അച്ചടി
**ജനനി പ്രിന്റ് മീഡിയ**
തിരുവനന്തപുരം
ഫോൺ : 9747 000 876

## ഉള്ളടക്കം

ഇടയസ്വരം .............................. 3
എഡിറ്റേഴ്സ് വോയ്സ്..................... 4
2026 ജൂലൈ മാസം വരി തന്നവരുടെ പേരുവിവരം .................. 6
2026 ജൂലൈ മാസത്തെ വരവ് – ചെലവ് കണക്കുകൾ............. 7 – 8
കറന്റ് അഫയേഴ്സ് ക്വിസ് 5 ചോദ്യങ്ങൾ .......................... 9 – 10
ക്രിസ് വോയ്സ് 11 ചോദ്യങ്ങൾ .......... 10 – 11
ക്രിസ് വോയ്സ് ക്വിസ് 10 ഉത്തരങ്ങൾ ............................ 12
കറന്റ് അഫയേഴ്സ് ക്വിസ് 4 ഉത്തരങ്ങൾ......................... 12 – 13
ക്രിസ് വോയ്സ് ക്വിസ് 10 വിജയികൾ....... 13
കറന്റ് അഫയേഴ്സ് ക്വിസ് 3 വിജയികൾ............................. 13
മദർ തെരേസ ............................ 13
വിശുദ്ധ കുരിശ് മാനവ കുലത്തിന്റെ രക്ഷ.................... 14 – 15

ഇടവക ബുള്ളറ്റിൻ : Private Circulation Only

**അടുത്തലക്കം ക്രിസ് വോയ്സ് പ്രസിദ്ധീകരിക്കുന്നതിനുള്ള സാഹിത്യ സൃഷ്ടികളും ആശംസകളും ഫോട്ടോകളും സെപ്റ്റംബർ 20 ന് മുമ്പ് ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതാണ്.**



# ഇടയസ്വരം

# കഷ്ടതകൾക്ക് മുകളിലെ കുരിശ്



**ഫാ. ജിബിൻരാജ്**
ഇടവക വികാരി

ക്രിസ്തുവിൽ സ്നേഹം നിറഞ്ഞവരേ,

ഒത്തിരി പ്രത്യേകതകൾ നിറഞ്ഞ ഒരു മാസമാണ് സെപ്റ്റംബർ. അധ്യാപക ദിനം, വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ തുടങ്ങിയ ഒത്തിരിയേറെ സന്തോഷ ദിനങ്ങൾ അടങ്ങിയതാണ് ഈ മാസം. അധികമാരും ചിന്തിക്കാൻ ഇഷ്ടപ്പെടാത്ത കുരിശിന്റെ മഹത്വത്തെക്കുറിച്ച് നമുക്കിവിടെ ചിന്തിക്കാം.

ഒരു രാജ്യം മറ്റൊരു രാജ്യത്തെ കീഴ്പ്പെടുത്തുമ്പോൾ, ആ രാജ്യത്തിന്റെ കോട്ടകൾ പിടിച്ചടക്കി ഏറ്റവും ഉയരമുള്ള ഭാഗത്ത് തന്റെ രാജ്യത്തിന്റെ കൊടി നാട്ടുമായിരുന്നല്ലോ. ഇതുപോലെ ക്രിസ്തു തിന്മയുടെ മേൽ വിജയം വരിച്ച്, ഗാഗുൽത്താ മലയിൽ കുരിശിനെ ഒരു വിജയപതാകയായി ഉയർത്തി നിർത്തി. അതിനാൽ കുരിശ് ക്രിസ്ത്യാനികൾക്ക് പരാജയത്തിന്റെ ചിഹ്നമല്ല, മറിച്ച് വിജയത്തിന്റെ പ്രതീകമാണ്. 'നീതിക്കുവേണ്ടി പീഡനം സഹിക്കുന്നവർ ഭാഗ്യവാന്മാർ' എന്ന ക്രിസ്തുവചനം ഓരോ കുരിശും നമ്മെ ഓർമ്മിപ്പിക്കുന്നു.

കഷ്ടതകൾ ഇല്ലാത്ത വിജയമാണ് ലോകം നമ്മെ പഠിപ്പിക്കുന്നത്. എന്നാൽ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് കഷ്ടതകൾക്ക് മുകളിലുള്ള വിജയത്തെക്കുറിച്ചാണ്. അതിനാൽ കഷ്ടതകൾ ജീവിതത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയാനും, അതിനെ യാഥാർത്ഥ്യബോധത്തോടെ നേരിടാനും ഓരോ ക്രിസ്ത്യാനിക്കും സാധിക്കണം. കുരിശില്ലാത്ത ജീവിതം വെറും സങ്കൽപ്പം മാത്രമാണ്; എന്നാൽ ജീവിതയാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുന്ന ഒരു വ്യക്തിക്ക് കുരിശ് ഒഴിവാക്കാനാവാത്ത ഘടകമാണ്.

ആകയാൽ, ഈ സെപ്റ്റംബർ മാസം കുരിശിനെയും ജീവിതത്തിലെ കഷ്ടതകളെയും യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളുന്ന യഥാർത്ഥ ക്രിസ്ത്യാനികളായി മാറാൻ നമുക്ക് പരിശ്രമിക്കാം. കുരിശ് രക്ഷയുടെയും വിജയത്തിന്റെയും ചിഹ്നമാണെന്ന ബോധ്യം നമ്മിൽ ഓരോരുത്തരിലും ഉണ്ടാകട്ടെ.



# എഡിറ്റേഴ്സ് വോയ്സ്

EDITOR'S PAGE

**എസ്.ഒ. ഷാജികുമാർ**
ചീഫ് എഡിറ്റർ

പ്രിയരേ,

കേരളം  കാർഷിക സമൃദ്ധമായ ഓണ മഹോത്സവം സമുചിതമായി ആഘോഷിച്ചു കഴിഞ്ഞു. നമ്മുടെ ഈ സമൃദ്ധിയ്ക്ക് അടിസ്ഥാനം കൃഷിയ്ക്ക് നാം കൊടുത്ത പ്രാധാന്യം തന്നെയാണ്. വൈവിദ്ധ്യമാർന്ന പച്ചക്കറികളും പൂക്കളും നമുക്ക് സ്വയം കൃഷി ചെയ്യാമെന്ന് നാം ഓണക്കാലത്ത് തെളിയിച്ചിരിക്കുന്നു. മലയാളി എന്നും തമിഴ്നാടിനെയും കർണാടകയെയും ആശ്രയിച്ച് വൻ തുക ചെലവിട്ട് വാങ്ങിക്കൂട്ടുന്ന ഓണ വിഭവങ്ങൾ നമുക്ക് തന്നെ കൃഷി ചെയ്യാൻ ആരംഭിച്ചാൽ നമ്മുടെ ആരോഗ്യവും പണവും ലാഭിക്കാം ഒപ്പം വിഭവ സമൃദ്ധമായ രാസകീടനാശിനി വിമുക്തമായ ഭക്ഷണവും. നമ്മുടെ വീടും പരിസരവും വൃത്തിയാകുന്നതോടൊപ്പം ആരോഗ്യകരമായ ഭക്ഷണവും ഉറപ്പ് വരുത്താൻ നമുക്ക് സാധിക്കും.

ക്രിസ് വോയ്സ് കുടുംബാംഗങ്ങൾക്ക് ഇത്തരം മഹത്തായ പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിഞ്ഞാൽ അതും നമ്മുടെ മാറ്റൊരു സുവിശേഷമാക്കി മാറ്റാവുന്നതാണ്. നാം ജീവിക്കുന്ന ചുറ്റുപാടിൽ നമുക്ക് ചുറ്റുമുള്ള സഹജീവികൾക്ക് നൽകാനുള്ള ഒരു സുവിശേഷമാക്കി കൃഷിയെ മാറ്റാനും അതിലൂടെ കുടുംബത്തിന്റെ ആരോഗ്യകരമായ ജീവിതം ഉറപ്പ് വരുത്തുന്ന ജീവിതസാക്ഷ്യമാക്കി മാറ്റാനും എല്ലാ ക്രിസ് വോയ്സ് കുടുംബാംഗങ്ങൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.







അന്ന്യം നിൽക്കുന്ന നെൽക്കൃഷി സംരക്ഷിച്ചു വരുന്ന ഇടവകയിലെ
വ്യക്തികളെ മൊമെന്റയും ഷാളും നൽകി ഇടവക വികാരി
ഇടവക നിഡ്സിന്റെ ആഭിമുഖ്യത്തിൽ ആദരിക്കുന്നു






വി. ഫ്രാൻസിസ് സേവ്യർ ഇടവകയിൽ വച്ച് നടത്തപ്പെട്ട
ഉണർവ് സീനിയർ സിറ്റിസൺ വാർഷികാഘോഷം

| 2026 ജൂലൈ മാസം വരി തന്നവരുടെ പേര് വിവരം | |
|---|---|
| 1. ക്രിസ്തുരാജൻ, പഴയകട | 700 |
| 2. ശ്രീകാന്ത്, പഴയകട | 500 |
| 3. വിജയൻ, കാരയ്ക്കാവിള | 500 |
| 4. അശോക് കുമാർ, പട്ട്യക്കാല | 900 |
| 5. നിതിൻ ജെ.എസ്, മണ്ണക്കല്ല് | 5000 |
| 6. ജിതിൻ ജെ.എസ്, മണ്ണക്കല്ല് | 21500 |
| 7. അജു, മണ്ണക്കല്ല് | 500 |
| 8. വിപിൻജിത്ത്, മോന്തിവിള | 500 |
| 9. ഷാജി, പഴയകട | 500 |
| 10. ജിനിൽ. ആർ, ചില്ലിൻവിള | 6000 |
| 11. ആദർശ് സി.പി, താഴയ്ക്കാമണ്ണടി | 1200 |
| 12. അനിൽകുമാർ എസ്.എൽ, മണലിക്കടവ് | 100 |
| 13. ശ്രീകുമാർ, താഴയ്ക്കാമണ്ണടി | 300 |
| 14. അനീഷ്കുമാർ എസ്.എൽ, താഴയ്ക്കാമണ്ണടി | 100 |
| 15. മധു, പുന്നയ്ക്കാവിള | 300 |
| 16. ജിജി, കടവിള | 9000 |
| 17. വിൻസെന്റ്, മണലിക്കടവ് | 150 |
| 18. സുനിൽദത്ത്, താഴയ്ക്കാമണ്ണടി | 500 |
| 19. സുനിൽകുമാർ, പട്ട്യക്കാല | 2100 |
| 20. സാബു, താഴയ്ക്കാമണ്ണടി | 2100 |
| 21. മേരിദാസൻ, കാരയ്ക്കാവിള | 4000 |
| 22. അരുൺ, കടവിള | 2000 |
| 23. അനിൽകുമാർ എ.എൽ, താഴയ്ക്കാമണ്ണടി | 500 |
| 24. അനീഷ് എൻ.എസ്, താഴയ്ക്കാമണ്ണടി | 500 |
| 25. നന്തു പി.എസ്, കടവിള | 300 |
| 26. സെൽവരാജൻ, കടവിള | 200 |
| 27. ഗീത, കാരയ്ക്കാവിള | 300 |
| 28. അഭിലാഷ്, പുന്നയ്ക്കാവിള | 100 |
| 29. രാഖേഷ് വി മണി, പള്ളിമന | 500 |
| 30. വിക്ടർ സേവ്യർ, മണ്ണക്കല്ല് | 2500 |
| 31. കെ.ആർ. മണി, പള്ളിമന | 200 |
| 32. സെൽവരാജ്, പണ്ടാരത്തോട്ടം | 1000 |
| 33. സൈമൺ, താഴയ്ക്കാമണ്ണടി | 1000 |
| 34. സാബു, താഴയ്ക്കാമണ്ണടി | 1050 |
| 35. രാജു, താഴയ്ക്കാമണ്ണടി | 300 |
| 36. സുലോചന, മലഞ്ചരിക് | 600 |
| 37. സദാനന്ദൻ, മുടന്താന്നി | 200 |
| 38. അനുരാജ് എസ്.എൽ, മണ്ണക്കല്ല് | 750 |
| 39. ഷിജു, മോന്തിവിള | 2000 |
| 40. ശ്രീകുമാർ ജി.എസ്, കുളങ്ങരവിള | 500 |
| 41. അഖിൽ ജി.എൽ. പട്ട്യക്കാല | 3200 |
| 42. അനിൽകുമാർ. എസ് താഴയ്ക്കാമണ്ണടി | 3000 |
| 43. ആഷ്കുമാർ എം.എൽ, മണലിക്കടവ് | 750 |
| 44. പ്രേംകുമാർ, മുടന്താന്നി | 150 |
| 45. സുരേന്ദ്രൻ, കുളങ്ങരവിള | 1000 |
| 46. ലിബിൻ സി.എസ്, പഴയകട | 2400 |
| **ആകെ** | **81450** |

## 2026 ജൂലൈ മാസത്തെ വരവ്–ചെലവ് കണക്കുകൾ

| | |
|---|---|
| **വരവ്** | |
| ഞായർ I ദിവ്യബലി കാണിക്ക | 3795 |
| കാഴ്ചവയ്പ്, കടവിള | 1880 |
| ലേലം | 860 |
| മുൻലേലവരവ് | 450 |
| ഞായർ II ദിവ്യബലി കാണിക്ക | 3453 |
| ഞായർ I ദിവ്യബലി കാണിക്ക | 18967 |
| കാഴ്ചവയ്പ്, ചില്ലിൻവിള | 1390 |
| ലേലം | 600 |
| മുൻലേലവരവ് | 300 |
| ഞായർ II ദിവ്യബലി കാണിക്ക | 33700 |
| പള്ളിക്കുരിശ്ശടി കാണിക്ക | 9256 |
| നോട്ടുമാല 3 എണ്ണം 10x45 | 450 |
| പട്യക്കാല കുരിശ്ശടി കാണിക്ക | 4805 |
| പണ്ടാരത്തോട്ടം കുരിശ്ശടി കാണിക്ക | 1768 |
| പണ്ടാരത്തോട്ടം കുരിശ്ശടി സാരി | 1 എണ്ണം |
| പുന്നയ്ക്കാവിള കുരിശ്ശടി കാണിക്ക | 1231 |
| കടവിള കുരിശ്ശടി കാണിക്ക | 1163 |
| ചില്ലിൻവിള കുരിശ്ശടി കാണിക്ക | 890 |
| ചില്ലിൻവിള കുരിശ്ശടി നോട്ടുമാല 1 എണ്ണം 100 x 6 | 600 |
| താഴയ്ക്കാമണ്ണടി കുരിശ്ശടി കാണിക്ക | 1142 |
| താഴയ്ക്കാമണ്ണടി കുരിശ്ശടി നോട്ടുമാല 1 എണ്ണം 50 x 10 | 500 |
| പുത്തൻകട കുരിശ്ശടി കാണിക്ക | 1767 |
| ഞായർ I ദിവ്യബലി കാണിക്ക | 3943 |
| കാഴ്ചവയ്പ്, മണലിക്കടവ് | 2150 |
| ലേലം | 150 |
| മുൻലേലവരവ് | 170 |
| ഞായർ II ദിവ്യബലി കാണിക്ക | 3802 |
| ഞായർ I ദിവ്യബലി കാണിക്ക | 3311 |
| കാഴ്ചവയ്പ്, താഴയ്ക്കാമണ്ണടി | 1860 |
| ലേലം | 100 |
| മുൻലേലവരവ് | 1550 |
| ഞായർ II ദിവ്യബലി കാണിക്ക | 3936 |
| മാസവരി ഇനത്തിൽ | 81450 |
| **ആകെ** | **191389** |
| **ചെലവ്** | |
| ഹാളിലേയ്ക്ക് ഷീറ്റ് വാങ്ങിയത് | 1512 |
| ഓസ്തി വാങ്ങിയത് | 2740 |
| പരസ്പരസഹായനിധി 3 എണ്ണം | 12000 |
| ക്രിസ്റ്റ് വോയിസ് | 3850 |
| കൺസ്ട്രക്ഷൻ ഫണ്ടിലേയ്ക്ക് യൂണിയൻ ബാങ്കിൽ നിക്ഷേപിച്ചത് | 53000 |

| | |
|---|---|
| വി. കുർബ്ബാന നൽകുവാൻ പോയ ഓട്ടോചാർജ് | 300 |
| കോഡ്‌ലെസ് ബാറ്ററി വാങ്ങിയത് | 160 |
| മേടയിലെ വാട്ടർചാർജ് | 376 |
| വൈൻ 5 കുപ്പി | 950 |
| മുത്തച്ഛൻ, മുത്തശ്ശിദിനം ഗിഫ്റ്റ് വാങ്ങിയതിനും മറ്റ് ചെലവുകളും | 3135 |
| ചില്ലിൻവിള കുരിശ്ശടി കാണിക്കപ്പെട്ടി ഫിറ്റ് ചെയ്തതിന് സാധനവും കൂലിയും | 5600 |
| ഇടവകവികാരി അലവൻസ് | 15000 |
| ഇടവകവികാരി റ്റി.എ | 2000 |
| ഉപദേശി അലവൻസ് | 6000 |
| കപ്യാർ അലവൻസ് | 3000 |
| സ്വീപ്പർ അലവൻസ് | 2500 |
| **ആകെ** | **112123** |
| ആകെ | 191389 |
| മുൻമാസ നീക്കിയിരിപ്പ് | 111306 |
| ആകെ വരവ് | 302695 |
| തൻമാസ ചെലവ് | 112123 |
| **ആകെ നീക്കിയിരിപ്പ്** | **190572** |



പനവിള ഉണ്ണിമിശിഹാ ദൈവാലയത്തിലെ 2 വയസ്സുകാരനായ അഥർവിന്റെ ക്യാൻസർ ചികിത്സയ്ക്കായി, KCYM നെയ്യാറ്റിൻകര രൂപത സംഘടിപ്പിച്ച "**കരുതൽ ₹ 50 ചലഞ്ചിൽ**" KCYM തിരുപുറം യൂണിറ്റ് സ്നേഹത്തിന്റെ കൈത്താങ്ങായി ₹ **61,250** സമാഹരിച്ചു.

സമാഹരിച്ച തുക KCYM നെയ്യാറ്റിൻകര ഫൊറോന സമിതി അംഗങ്ങൾക്ക്, KCYM നെയ്യാറ്റിൻകര രൂപത പ്രസിഡന്റ് ശ്രീ. അരുൺരാജിന്റെ സാന്നിധ്യത്തിൽ, ഇടവക ഡയറക്ടർ റവ. ഫാ. ജിബിൻരാജും യൂണിറ്റിലെ സമിതി അംഗങ്ങളും മറ്റ് യുവജനങ്ങളും ചേർന്ന് കൈമാറി.

## കറന്റ് അഫയേഴ്സ് ക്വിസ് 5

1. പശ്ചിമബംഗാളിലെ ഹൂഗ്ലി നദിയിൽ നിന്ന് ശാസ്ത്രജ്ഞൻ കണ്ടെത്തിയ മലിനീകരണം ഇല്ലാതാക്കാൻ ശേഷിയുള്ള പുതിയതരം ബാക്ടീരിയ ഏതാണ്?
2. 2026 ജൂലൈ 13 ന് 45-ാമത് സ്ഥാപകദിനം ആഘോഷിച്ച NABARD ഗ്രാമീണ സംരംഭകത്വ വികസനത്തിനായി ആരംഭിച്ച പുതിയ പരിപാടി ഏതാണ്?
3. 2026ൽ പുറത്തുവിട്ട സുസ്ഥിരവികസന സൂചികയിൽ ഒന്നാമതുള്ളത് ഏത് രാജ്യമാണ്?
4. 2026 ജൂലൈയിൽ രാജ്യാന്തര ഫുട്ബോളിൽ നിന്ന് വിരമിച്ച ബ്രസീൽ താരം ആരാണ്?
5. 2026 ജൂലൈയിൽ മണ്ണിടിച്ചിൽ വാർത്തകളിൽ ഇടംനേടിയ തുരങ്കപാത പദ്ധതി?
6. പട്ടികജാതി/പട്ടികവർഗ സ്ത്രീകൾക്കിടയിൽ സംരംഭകത്വം പ്രോത്സാ ഹിപ്പിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച പുതിയ പദ്ധതി?
7. 2026 ജൂലൈയിൽ ബ്രിക്സ് വനിതാമന്ത്രിതലയോഗത്തിന് വേദിയായത്?
8. 2026 ജൂലൈയിൽ ചൈന, ഫിലിപ്പീൻസ്, ജപ്പാൻ എന്നീ രാജ്യങ്ങളിൽ വൻനാശം വിതച്ച ചുഴലിക്കാറ്റ്?
9. 2026 ജൂലൈയിൽ പഴക്കമുള്ള ഗോപുരം തകർന്നുവീണ റെയിൽവേ സ്റ്റേഷൻ?
10. ഇന്ത്യയിൽ തദ്ദേശീയമായി നിർമ്മിച്ച 2026 ജൂലൈയിൽ കമ്മീഷൻ ചെയ്ത അത്യാധുനിക സ്റ്റെൽത്ത് യുദ്ധക്കപ്പൽ?
11. സുപ്രീംകോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെ പുതിയ ചെയർപേഴ്സണായി നിയമിതയായത്?
12. ICC വനിതാ ലോകകപ്പ് ക്രിക്കറ്റ് ഫൈനൽ നിയന്ത്രിച്ച ആദ്യ ഇന്ത്യൻ വനിത?
13. 2026 ജൂലൈയിൽ കേന്ദ്ര-സാംസ്കാരിക വകുപ്പിന്റെ വിശിഷ്ട വ്യക്തി കൾക്കുള്ള സീനിയർ ഫെലോഷിപ്പിന് അർഹനായത്?
14. 2026 ജൂലൈയിൽ SBT ഓർമ്മക്കൂട് പുരസ്ക്കാരത്തിന് അർഹരായവർ?
15. അന്തരിച്ച മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന് സ്മാരകം നില വിൽ വരുന്നത്?
16. മഹാഭാരതത്തെ ആസ്പദമാക്കി ഡോ. എം. ലീലാവതി രചിക്കുന്ന പുതി യ പുസ്തകം?
17. സർക്കാർ തലത്തിലുള്ള ആദ്യത്തെ എ.ഐ സർവ്വകലാശാല നിലവിൽ വരുന്ന സംസ്ഥാനം?
18. 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത തമിഴ് എഴുത്തുകാരൻ?
19. കൊട്ടാക്കര ഭരത് മുരളി കൾച്ചറൽ സെന്ററിന്റെ ചലച്ചിത്രപുരസ്ക്കാരം 2026 അർഹനായത്?
20. 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത പാവകളി കലാകാരി?
21. 14-ാമത് ഗ്ലോബൽ ഡയബറ്റിസ് കൺവെൻഷന്റെ വേദി?
22. ഇന്ത്യയിലെ ആദ്യത്തെ ഓഫ്ഷോർ വിമാനതാവളത്തിന് അംഗീകാരം ലഭിച്ച സംസ്ഥാനം?
23. 2026 ജൂലൈ കേരളത്തിൽ നിന്ന് കണ്ടെത്തിയ പുതിയ നിശാശലഭം?
24. ഏത് രാജ്യവുമായി സഹകരിച്ചാണ് ഇന്ത്യ ഇന്റർനാഷണൽ സെന്റർ ഫോർ സിവിലൈസേഷണൽ സ്റ്റഡീസ് മനാസ് ആൻഡ് മഹാഭാരത് ആരംഭിക്കുന്നത്?
25. 72-ാമത് നെഹ്റുട്രോഫി (2026) വള്ളംകളിയുടെ ഭാഗ്യചിഹ്നം ഡിസൈൻ ചെയ്തത്?

26. 2026 ജൂലൈയിൽ മണ്ണിടിച്ചിൽ ഉണ്ടായ കേരളത്തിലെ പ്രദേശം?
27. മുൻ ഇന്ത്യൻ നായകൻ സൗരവ് ഗാംഗുലിയുടെ ജീവിതം പ്രമേയമായി നിർമ്മിക്കുന്ന ചലച്ചിത്രം?
28. 2026 ജൂലൈയിൽ ചാന്ദിപുര വൈറസ് ബാധമൂലമുള്ള മരണം സ്ഥിരീകരിച്ച സംസ്ഥാനം?
29. ബ്ലേഡ് മാഫിയയുടെ ചൂഷണവും ഭീഷണിയും ഇല്ലാതാക്കാൻ ആഭ്യന്തരവകുപ്പ് ആരംഭിച്ച പദ്ധതി?
30. ലോക ജനസംഖ്യാദിനം?

**ക്വിസ് ഉത്തരങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 20 ഞായറാഴ്ച വൈകുന്നേരം 7 മണി**

## ക്രിസ് വോയിസ് - 11 | വി. യോഹന്നാന്റെ സുവിശേഷം 7 - 12

1. ആരാണ് യേശുവിനെ വധിക്കാൻ അവസരം പാർത്തിരുന്നത്?
2. 'നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് നീ ഇവിടംവിട്ട് യൂദയായിലേയ്ക്ക് പോകുക' ആരുടെ വാക്കുകൾ?
3. ............................ന് നിങ്ങളെ വെറുക്കാൻ സാധിക്കുകയില്ല.
4. നിങ്ങൾ തിരുനാളിന് പൊയ്ക്കൊള്ളുവിൻ. ഏത് തിരുനാളിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?
5. യേശുവിനെപ്പറ്റി രഹസ്യമായി പലതും പറഞ്ഞിരുന്നതാര്?
6. യേശുപറഞ്ഞു: എന്റെ പ്രബോധനം എന്റെ സ്വന്തമല്ല എന്നെ.................... അത്രേ.
7. നിയമമനുസരിച്ച് സാബത്തിൽ ഒരുവന് നിങ്ങൾ ........................ നടത്തുന്നു.
8. ..................................... അനുസരിച്ചു വിധിക്കാതെ നീതിയായി വിധിക്കുവിൻ.
9. യേശുവനെ ബന്ധിക്കാൻ സേവകരെ അയച്ചതാര്?
10. നമുക്ക് കണ്ടെത്താൻ കഴിയാത്തവിധം എവിടേയ്ക്കാണ് അവൻ പോവുക? ഇങ്ങനെ പറഞ്ഞതാര്?
11. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. അധ്യായം? വാക്യം?
12. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ............................ പോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും.
13. ദാവീദിന്റെ ഗ്രാമമേത്?
14. നിങ്ങളും വഞ്ചിതരായോ? ആരാണ് ഇങ്ങനെ ചോദിച്ചത്? നിങ്ങൾ ആര്?
15. മുമ്പൊരിക്കൽ യേശുവിന്റെ അടുക്കൽ പോയവനും അവരിലൊരുവനുമായ-എന്നു പറഞ്ഞിരിക്കുന്നതാരെ?
16. 'നീയും ഗലീലിയയിൽ നിന്നാണോ? നീ എന്നു പറഞ്ഞിരിക്കുന്നതാരെ?
17. ഒലിവുമലയിലേയ്ക്ക് പോയ യേശു അതിരാവിലെ എവിടേയ്ക്ക് വന്നു?
18. ദേവാലയത്തിലേയ്ക്ക് വന്ന യേശുവിന്റെ അടുക്കൽ എത്തിയതാര്?
19. നിയമജ്ഞരും ഫരിസേയരും കൂടെ ആരെയാണ് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്?
20. കുനിഞ്ഞ് വിരൽ കൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരിക്കുന്നതാര്?
21. 'ഞാൻ ലോകത്തിന്റെ പ്രകാശമാണ് ' അധ്യായം? വാക്യം?
22. നീ തന്നെ നിനക്ക് സാക്ഷ്യം നൽകുന്നു എന്ന് യേശുവിനോട് ആരാണ് പറഞ്ഞത്?
23. എവിടേയ്ക്ക് വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്നാണ് യേശു യഹൂദരോട് പറയുന്നത്?
24. ആര് സത്യവാൻ ആണ് എന്നാണ് യേശു പറഞ്ഞത്?

25. ഞാൻ ഞാൻ തന്നെയാണ് എന്ന് നിങ്ങൾ എപ്പോൾ മനസിലാക്കും എന്നാണ് യേശു പറയുന്നത്?
26. സത്യം നിങ്ങളെ എന്തുചെയ്യും?
27. 'ഞങ്ങൾ ആരുടെയും അടിമകളായിരുന്നിട്ടില്ല' ആരുടെ വാക്കുകൾ?
28. പാപം ചെയ്യുന്നവൻ എന്തിന്റെ അടിമയാണ്?
29. നിങ്ങൾ അബ്രാഹത്തിന്റെ സന്തതികളാണ്. എന്നിട്ടും നിങ്ങൾ എന്ത് ആലോചിക്കുന്നു?
30. എന്ത് നിങ്ങളിൽ വസിക്കുന്നില്ല എന്നാണ് യേശു പറയുന്നത്?
31. നിങ്ങൾ ആരുടെ പ്രവൃത്തികളാണ് ചെയ്യുന്നത് എന്നാണ് യേശു പറയുന്നത്?
32. ആദി മുതൽ കൊലപാതകിയാണ് എന്നു പറഞ്ഞിരിക്കുന്നതാരെ?
33. ദൈവത്തിൽ നിന്നുള്ളവർ ആരുടെ വാക്ക് ശ്രവിക്കുന്നു?
34. എന്റെ ദിവസം കാണാം എന്ന പ്രതീക്ഷയിൽ ആനന്ദിച്ചതാര്?
35. യേശുവിനെ എറിയാൻ കല്ലുകൾ എടുത്തതാര്?
36. ലോകത്തിൽ ആയിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ എന്താണെന്നാണ് യേശു പറയുന്നത്?
37. മുമ്പ് അന്ധനായിരുന്നവനെ അവർ ആരുടെ അടുത്താണ് കൊണ്ടുചെന്നത്?
38. ദൈവം ആരോട് സംസാരിച്ചു എന്ന് ഞങ്ങൾക്കറിയാം എന്നാണ് യഹൂദർ പറയുന്നത്?
39. കാവൽക്കാരൻ വാതിൽ തുറന്നുകൊടുക്കുന്നതാർക്ക്?
40. ആടുകൾ ആരെ ഒരിക്കലും അനുഗമിക്കുന്നില്ല?
41. ജോർദാന്റെ മറുകരയിൽ സ്നാനം നൽകിയിരുന്നത് ആര്?
42. ലാസർ രോഗബാധിതനാണ് എന്ന് കേട്ടപ്പോൾ യേശു എന്താണ് പറഞ്ഞത്?
43. ആർക്കാണ് പ്രകാശമില്ലാത്തത്?
44. യേശു വരുന്നുണ്ടെന്ന് കേട്ടപ്പോൾ അവനെ സ്വീകരിക്കാൻ ചെന്നതാര്?
45. ശവകുടീരത്തിങ്കൽ വന്ന യേശു എന്തുപറഞ്ഞു?
46. മറിയം യേശുവിന്റെ പാദങ്ങൾ തുടച്ചത് എങ്ങനെ?
47. സീയോൻ പുത്രി, ഭയപ്പെടേണ്ട, ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു. എന്ന് എഴുതിയിരിക്കുന്ന പഴയനിയമഭാഗം?
48. എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്തുചെയ്യട്ടെ എന്നാണ് യേശു പറഞ്ഞത്?
49. ദൈവത്തിൽ നിന്നുള്ള മഹത്വത്തെക്കാളധികം അധികാരികൾ അഭിലഷിച്ചത് എന്ത്?
50. ആർക്ക് ഒരു വിധികർത്താവുണ്ട് എന്നാണ് യേശു പറയുന്നത്?

**ഉത്തരങ്ങൾ സെപ്റ്റംബർ 20 വൈകുന്നരം 7 മണിക്ക് മുമ്പ് ഇടവക ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.**




**സെപ്റ്റംബർ 3ന് ജന്മദിനം ആഘോഷിക്കുന്ന**

**അജിൽ ബി ഷാജിയ്ക്ക്**

**പിറന്നാളാശംസകളും**
**ദൈവാനുഗ്രഹവും നേരുന്നു.**

ആശംസകളോടെ....
**പപ്പയും അമ്മയും ചേട്ടന്മാരും**



# ക്രിസ് വോയ്സ് ക്വിസ് - 10 (വി. യോഹ. 1 - 6)
## ഉത്തരങ്ങൾ

1. വചനം (1:2)
2. യോഹന്നാൻ (1:7)
3. വി. യോഹ. (1:12)
4. എനിക്കുമുമ്പുതന്നെ അവനുണ്ടായിരുന്നു (1:15)
5. കണ്ടിട്ടില്ല (1:18)
6. ഏശയ്യ 40:3 (1:23)
7. ജോർദാന്റെ അക്കരെ ബഥാനിയായിൽ (1:28)
8. യോഹ. (1:36)
9. അന്ത്രയോസ് (1:40)
10. പീലിപ്പോസ് (1:43)
11. പീലിപ്പോസ് (1:45)
12. ഗലീലിയിലെ കാനായിൽ (2:1)
13. ശുദ്ധീകരണത്തിനുള്ള വെള്ളം നിറച്ചിരിക്കുന്നു (2:6)
14. ഏതാനും ദിവസം (2:12)
15. സങ്കീ. 69:9 (2:17)
16. അടയാളങ്ങൾ (2:23)
17. നിക്കോദേമോസ് (3:1,2)
18. യേശു നിക്കോദേമോസിനോട് (3:17)
19. അവൻ വഴിലോകം രക്ഷപ്രാപിക്കാൻ (3:17)
20. സത്യം പ്രവർക്കുന്നവന്റെ (3:21)
21. അവന്റെ സ്വരത്തിൽ (3:29)
22. സിക്കാർ (4:5)
23. സമരിയാക്കാരി സ്ത്രീ (4:15)
24. ആത്മാവിലും സത്യത്തിലും (4:23)
25. സമരിയാക്കാർ (4:40)
26. കഫർണാമിൽ (4:46)
27. അഞ്ച് (5:2)
28. യഹൂദർ (5:10)
29. വിധിക്കുന്നു (5:30)
30. സ്നാപകയോഹന്നാൻ (5:35)
31. മോശ (5:45)
32. തിബേരിയാസ് (6:1)
33. 200 ദനാറയ്ക്കുള്ള (6:7)
34. അയ്യായിരത്തോളം (6:10)
35. ജനങ്ങൾ (6:13,14)
36. തനിയെ മലമുകളിലേയ്ക്കു പിൻമാറി (6:15)
37. യോഹ (6:20)
38. അടയാളങ്ങൾ (6:26)
39. അവിടന്ന് അയച്ചവനിൽ വിശ്വസിക്കുക (6:29)
40. എന്റെ പിതാവ് (6:32)
41. എന്നെ അയച്ച പിതാവ് (6:44)
42. ഏശയ്യ 54:13 (6:45)
43. എന്റെ ശരീരം (6:51)
44. ജീവിക്കുന്നവനായ (6:57)
45. ശിഷ്യന്മാരിൽ പലരും (6:60)
46. പിതാവിൽ നിന്നും (6:65)
47. ശിമയോൻ പത്രോസം (6:68)
48. പന്ത്രണ്ട് (6:13)
49. പുത്രനെ (5:27)
50. എന്നെ അയച്ചവന്റെ (5:30)

---

# കറന്റ് അഫയേഴ്സ് ക്വിസ് 4 ഉത്തരങ്ങൾ

1. എലീന റിബക്കേന
2. എൻ.പ്രഭാകരൻ
3. **PSLVC62 or EOSN1**
4. ഒന്നായി പൂജ്യത്തിലേയ്ക്ക്
5. വി.ഇ. അബ്ദുൾ ഗഫൂർ
6. കങ്കണാ റണാവത്ത്
7. ഉത്തരാഖണ്ഡ്
8. **HDFC**
9. കെ.ജി. ശങ്കരപ്പിള്ള
10. നീല
11. അമേരിക്ക
12. ജാജു ബാബു
13. ബഡ്ഡു ക്ലിനിക്
14. സാൻ ഫെർണാണ്ടോ
15. കോട്ടയം
16. ഫ്രീഡം
17. **55th**
18. **Operation Polo**
19. അഭിനവകേരളം
20. സഹോദരൻ അയ്യപ്പൻ
21. 1688
22. 2–ാം (1956–1961)
23. കേട്ടെഴുത്ത്
24. 1984
25. സയ്യിദ് വംശം
26. ഡൽഹൗസി പ്രഭു
27. കമലഹാരിസ്

28. 2695 മീറ്റർ
29. ഹരിതകേരളം മിഷൻ
30. 41
31. ലാറ്ററൈറ്റ് മണ്ണ്
32. മലനാട്
33. 358
34. 1992-ലെ 73-ാം ഭേദഗതി
35. Article 153
36. ക്ലമന്റ് ആറ്റ്ലി
37. 1979
38. സോഡിയം
39. അധോമഹാസിര
40. ജലത്തിലൂടെ
41. 6.7-6.8
42. പ്ലാസ്മ
43. പച്ച, ചുവപ്പ്
44. ലിഥിയം
45. വാതകം
46. ഹൈഡ്രജൻ
47. ശ്വാസകോശസിര

## ക്രിസ് വോയ്സ് ക്വിസ് 10 വിജയികൾ

1. റോബി
2. ലില്ലി
3. രാഗി
4. സരിത
5. നിബി സാൻ്റ
6. സുധ
7. ഗീതുമോൾ
8. കവിത രഘു
9. സജിത
10. ബീന ഷാജി

## കറന്റ് അഫയേഴ്സ് ക്വിസ് 3 വിജയികൾ

First : Shibi Roy R.V

Shelma S.S

Second : Chinchu



# മദർ തെരേസ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിട്ട് പത്ത് വർഷങ്ങൾ പിന്നിടുമ്പോൾ...

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'നല്ല സമരിയാക്കാരന്റെ പ്രതീകം' എന്നും 'ദരിദ്രർക്കായി സ്വന്തം ജീവിതം പൂർണ്ണമായി സമർപ്പിച്ച വ്യക്തി' എന്നും വിശേഷിപ്പിച്ച മദർ തെരേസ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടിട്ട് ഈ സെപ്റ്റംബർ നാലിന് പത്ത് വർഷം പൂർത്തിയാകുന്നു.

ലോകം ആദരവോടെ ഉറ്റുനോക്കിയ ഒരു വ്യക്തിത്വമായിരുന്നു മദർ തെരേസയുടേത്. പ്രായം ചുളിവുകൾ വീഴ്ത്തിയ മുഖത്തെ മായാത്ത പുഞ്ചിരിയുമായി അവർ നടന്നുകയറിയത് ലോകത്തിന്റെ മനഃസാക്ഷിക്കുള്ളിലേക്കാണ്. വേദനിക്കുന്ന ആളുകൾക്കായി അവർ അതിർത്തികൾ കടന്നു. തന്റെ സാന്നിധ്യം ആവശ്യമാണെന്നു മനസിലാക്കിയ ഇടങ്ങളിലെല്ലാം അവർ കയറിച്ചെന്നു. അതിർത്തിയോ ഭാഷയോ രാജ്യങ്ങളോ ഒന്നും അവർ നോക്കിയില്ല. ആ മഹനീയവ്യക്തിത്വത്തിന് ഉടമയെ ലോകം എങ്ങനെ ആദരിക്കാതിരിക്കും?

മദറിനെ തേടി നിരവധി പുരസ്കാരങ്ങളാണ് എത്തിയത്. അതിൽ പ്രധാനപ്പെട്ടതാണ് 1979-ലെ സമാധാനത്തിനുള്ള നോബേൽ സമ്മാനം. സമ്മാനത്തുകയായ 1,92,000 അമേരിക്കൻ ഡോളർ, മദർ പാവങ്ങൾക്കായി സംഭാവന ചെയ്തു. 1962-ൽ ഇന്ത്യ, മദർ തെരേസയ്ക്ക് പത്മശ്രീ ബഹുമതി നൽകി ആദരിച്ചു. ഇന്ത്യയ്ക്കു പുറത്തു ജനിച്ച ഒരാൾക്ക് ഈ ബഹുമതി നൽകുന്നത് ഇതാദ്യമായിട്ടായിരുന്നു.

1997 സെപ്തംബർ 5-ന് തന്റെ നിത്യസമ്മാനത്തിനായി പോയ മദറിനെ 2003 ഒക്ടോബർ 19-ന് ജോൺപോൾ രണ്ടാമൻ വാഴ്ത്തപ്പെട്ടവളും 2016 സെപ്റ്റംബർ 4-ന് ഫ്രാൻസിസ് മാർപാപ്പ വിശുദ്ധയായും പ്രഖ്യാപിച്ചു. മദർ തെരേസയുടെ മഹനീയ മാതൃക പിന്തുടർന്ന് നമുക്കും പാവങ്ങളോടും പരിത്യക്തരോടും ഐക്യപ്പെട്ടു അവരുടെ ഇടയിൽ യേശു സാന്നിധ്യമായി മാറാം.



# വിശുദ്ധ കുരിശ് മാനവകുലത്തിന്റെ രക്ഷ

വിശുദ്ധ കുരിശ് മാനവകുലത്തിന്റെ രക്ഷയുടെ അടയാളമാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ, ത്യാഗത്തിന്റെ, സ്നേഹത്തിന്റെ ഒക്കെ അടയാളമായി നിലകൊള്ളുന്ന ഒന്നാണ് കുരിശ്. തന്റെ പീഢാസഹനത്തിലൂടെ മഹത്വത്തിന്റെ പ്രതീകമായി ക്രിസ്തു ഉയർത്തിയ വിശുദ്ധ കുരിശ് യാഥാർത്ഥ്യമാക്കുന്ന നിരവധി വസ്തുതകൾ ഉണ്ട്.

വിശുദ്ധ കുരിശിനെ കുറിച്ചു നാം അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട 10 കാര്യങ്ങൾ ചുവടെ ചേർക്കുകയാണ്.

**1. കുരിശ് പരിശുദ്ധ ത്രിത്വത്തിന്റെ അടയാളം**

ക്രൈസ്തവ വിശ്വാസം പരിശുദ്ധ ത്രിത്വത്തെയും കുരിശിനെയും ആധാരമാക്കി ഉള്ളതാണ്. അതിനാൽ തന്നെ കുരിശ്, പരിശുദ്ധ ത്രിത്വത്തെ കുറിച്ചുള്ള രഹസ്യം വെളിപ്പെടുത്തുന്നു. പിതാവായ ദൈവം ലോകത്തെ രക്ഷിക്കുവാനായി പുത്രനെ അയച്ചു. പുത്രൻ പിതാവിന്റെ ഹിതം പൂർണ്ണമായും നിറവേറ്റി. പരിശുദ്ധാത്മാവ് ആ ഒരു സത്യത്തെ അനേകരിലേയ്ക്ക് പകർന്നു കൊണ്ട് രക്ഷാകര പദ്ധതി പൂർത്തിയാക്കുന്നു. വിശുദ്ധ കുരിശ് പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ദൈവത്തിന്റെ സംഗമത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

**2 . വിശുദ്ധ ഗ്രന്ഥത്തിന്റെ കേന്ദ്ര ബിന്ദു**

വിശുദ്ധ ബൈബിളിന്റെ കേന്ദ്ര ബിന്ദുവാണ് കുരിശ്. ബൈബിളിൽ കുരിശിനെ കൂടാതെ ഒരു പരിഹാരമില്ല. അവസാനവും ഇല്ല. ബൈബിളിൽ പാപത്തിന്റെ ആധിപത്യം ആരംഭിക്കുന്നത് ഉൽപത്തിയിൽ ആണെങ്കിൽ അവസാനിക്കുന്നത് ഈശോയുടെ കുരിശു മരണത്തിലൂടെയാണ്. യഥാർത്ഥ ജ്ഞാനം കുടികൊള്ളുന്നത് കുരിശിനെക്കാളും ഉയരത്തിൽ അല്ല. കുരിശിലും താഴെയും അല്ല. മറിച്ച്, കുരിശിലാണ്.

**3. ദൈവരാജ്യത്തിന്റെ ശക്തി സൂചകമായ കുരിശ്**

ദൈവരാജ്യത്തെ കുറിച്ചുള്ള ഈശോയുടെ പ്രഖ്യാപനം പൂർണ്ണമാകുന്നത് ഈശോയുടെ കുരിശിൽ ആണ്. വിശുദ്ധ ഗ്രന്ഥത്തിൽ സ്വർഗ്ഗത്തിലെ രാജത്വം എങ്ങനെ എന്ന്

വെളിപ്പെടുത്തുന്നുണ്ട്. മറ്റുള്ളവർക്ക് സേവനം ചെയ്തു കൊണ്ട്, ദാസരായി തീർന്നു കൊണ്ട് ദൈവരാജ്യത്തിന്റെ ശക്തി ഈശോ ലോകത്തിനു വെളിപ്പെടുത്തി.

**4. പുതിയ ഉടമ്പടിക്ക് തുടക്കം കുറിച്ച കുരിശ്**

അന്ത്യത്താഴത്തിൽ ഈശോ തന്റെ മരണത്തെ പുതിയ ഉടമ്പടിയുടെ തുടക്കമായി പ്രഖ്യാപിച്ചു. തന്റെ ശരീരവും രക്തവും ഭക്ഷണവും പാനീയവുമായി ലോകത്തിനു നൽകികൊണ്ട് അവിടുന്ന് ആ ഉടമ്പടി ഉറപ്പിച്ചു. ആ ഉടമ്പടിയുടെ പൂർത്തീകരണമാണ് കുരിശിൽ സംഭവിച്ചത്.

**5. മരണത്തിന്റെയും പാപത്തിന്റെയും മേൽ വിജയം വരിച്ച കുരിശ്**

കുരിശിൽ ഈശോ പാപത്തെയും മരണത്തെയും തോൽപ്പിച്ചു. കുരിശിൽ ലോകത്തിന്റെ പാപങ്ങൾക്കായി അവിടുത്തെ ശരീരം തകർക്കപ്പെട്ടു. അപമാനത്തിന്റെ സൂചകമായ കുരിശിനെ ഈശോ തന്റെ മരണത്തിലൂടെ മഹത്വത്തിന്റെ പ്രതീകമായി ഉയർത്തി.

**6. പിശാചിനെ തകർക്കുന്ന കുരിശ്**

കുരിശിൽ ഈശോ ലോകത്തിന്റെ അധീശത്വങ്ങൾക്കും തിന്മയുടെ അരൂപികൾക്കും മേൽ ആധിപത്യം ഉറപ്പിക്കുക കൂടിയാണ് ചെയ്തത്. മരണത്തെ അതിജീവിച്ച് അവിടുന്ന് ഉയർത്തെഴുന്നേറ്റപ്പോൾ സകല ആധിപത്യങ്ങൾക്കും അധികാരങ്ങൾക്കും മുകളിലായി പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുകയാണ് ചെയ്തത്.

**7. പകരക്കാരന്റെ പ്രതീകമായ കുരിശ്**

നമുക്ക് വേണ്ടി നമ്മുടെ മുൻപിൽ നിലകൊള്ളുന്ന ഒരു അടയാളമാണ് കുരിശ്. ഈശോ തന്റെ ആളുകൾക്ക് വേണ്ടി സ്വജീവൻ ബലികഴിച്ച വ്യക്തിയാണ്. നമുക്ക് വേണ്ടിയുള്ള ബലിയാടായിരുന്നു ഈശോ. നമ്മുടെ പാപങ്ങൾക്ക് വേണ്ടിയാണ് അവിടുന്ന് ക്രൂശിക്കപ്പെട്ടത്. നമുക്ക് വേണ്ടി ശപിക്കപ്പെട്ടവനായി, തടവുകാരനായി, മർദ്ദിതരുടെ കരങ്ങളിൽ ഏൽപ്പിക്കപ്പെട്ടു. നമുക്കുവേണ്ടി പകരക്കാരനായ ആ ഈശോയുടെ പ്രതീകമാണ് കുരിശ്.

**8. ലോകത്തിനു വിഡ്ഢിത്തമായി തോന്നുന്ന കുരിശ്**

ലോകത്തിനു മുന്നിൽ കുരിശ് നൽകുന്ന സന്ദേശം അത് മണ്ടത്തരമാണെന്ന് തോന്നിയേക്കാം. അവഗണനയുടെ, സഹനത്തിന്റെ, വേദനയുടെ ഒക്കെ സന്ദേശം ആണ് കുരിശ് പങ്കുവയ്ക്കുന്നത്. എന്നാൽ അതിന്റെ മഹനീയത വെളിപ്പെടുന്നത് കാൽവരിയിൽ ഈശോയുടെ ബലിയിലാണ്. ലോകത്തിന്റെ തിന്മകൾക്കെതിരെ പിടിച്ചു നിൽക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുന്നത് കുരിശാണ്.

**9. സമാധാനം പ്രദാനം ചെയ്യുന്ന കുരിശ്**

കുരിശ് സമാധാനവും അനുരഞ്ജനവും ഐക്യവും പ്രദാനം ചെയ്യുന്നു. പിതാവുമായുള്ള അനുരഞ്ജനം സാധ്യമാക്കുന്നു. പുതിയ ഉടമ്പടിയിലൂടെ ലോകം മുഴുവനും ഉള്ള വിശ്വാസികളെ സമാധാനത്തിൽ ചേർത്തു നിർത്തുവാൻ കുരിശ് സഹായിക്കുന്നു.

**10. ക്രിസ്ത്യനികൾക്കായുള്ള മാതൃക**

കുരിശ് ക്രിസ്ത്യാനികൾക്കായുള്ള മാതൃകയാണ് നൽകുന്നത്. എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ തന്റെ കുരിശെടുത്ത് എന്റെ പിന്നാലെ വരട്ടെ എന്നാണ് ഈശോ പറയുന്നത്. സഹനത്തിലൂടെ അല്ലാതെ ഈശോയെ അനുഗമിക്കുവാൻ കഴിയില്ല . കുരിശുകൾ , സഹനങ്ങൾ അത് ക്രിസ്തീയ ജീവിതത്തെ രൂപപ്പെടുത്തുവാൻ സഹായിക്കുന്നു.

VELOX LEARNING

അറിഞ്ഞില്ലേ..!

# LDC

# വിജ്ഞാപനം വരുന്നു...



നിങ്ങളെ ആദ്യ
റാങ്കുകളിൽ എത്തിക്കാൻ
Velox Learning ന്റെ

## തീവ്ര പരിശീലനം

**ഉടൻ ആരംഭിക്കുന്നു...**

Full Day Batch

Holiday Batch

**Class Schedule**

| | |
|---|---|
| Monday to Friday Early morning | 6.30 am to 8.30 am |
| Monday to Friday Morning | 10.00 am to 01.00 pm |
| Monday to Friday Evening | 6.30 pm to 8.30 pm |

**JOIN US NOW** +91 9497414135 | +91 9895064135

SBA Building, College Junction
Pananinna, Kanjiramkulam, Tvm

RS Tower Near Govt. College,
Police Station Road
Kanjiramkulam, Tvm

janani PRINT MEDIA 9747000876